സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് ന്യൂനതാ പ്രശ്നം

15 (5420) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഡിറ്റ് ന്യൂനതകൾ പരിഹരിക്കപ്പെടാതെ തുടരുന്ന സ്ഥിതി വിശേഷം പല സഹകരണ ബാങ്ക്/സംഘങ്ങളിലും ഉള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മൂന്നു വർഷത്തിലധികമായി പരിഹരിക്കപ്പെടാതെ, എത്ര ഓഡിറ്റ് ന്യൂനതകൾ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾ, സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ മൂന്നു വർഷത്തിലധികമായി ഓഡിറ്റ് ന്യൂനതകൾ പരിഹരിക്കാത്ത സഹകരണ സ്ഥാപനങ്ങൾക്കെതിരായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന ന്യൂനതകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിനോടൊപ്പം അയച്ചുകൊടുക്കാറുണ്ട്. ടി ഓഡിറ്റ് ന്യൂനതകൾ സംഘം പരിഹരിക്കുകയും ആയത് പരിഹരിച്ച് സഹകരണ വകുപ്പിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ന്യൂനതകൾ പരിഹരിക്കുന്നതിന് സഹകരണ നിയമത്തിൽ സമയ പരിധി നിശ്ചയിച്ച് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പരിശോധനാവേളയിലും അടുത്ത ഓഡിറ്റ് വേളയിലും ഇക്കാര്യം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കുകയും നിർദ്ദേശങ്ങൾ യഥാസമയം നൽകുകയും ചെയ്യുന്നുണ്ടെങ്കിലും മുമ്പ് നൽകിയതുൾപ്പെടെയുള്ള പ്രാധാനവും അപ്രധാനവുമായ ന്യൂനതകൾ പലതും പരിഹരിക്കപ്പെടാനുള്ളതായി കാണുന്നതിനാൽ ഇവയുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(സി) ഓഡിറ്റിൽ കണ്ടെത്തിയതായി ആഡിറ്റ് സർട്ടിഫിക്കറ്റിൽ ചേർത്തിട്ടുള്ള ന്യൂനതകളിന്മേലുള്ള പരിഹരണ റിപ്പോർട്ട് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ഓഡിറ്റ് ഡയറക്ടർക്ക് നൽകുവാനുള്ള ചുമതല സംഘം ഭരണസമിതിക്ക് നിഷ്കർഷിച്ചുകൊണ്ട് 2010-ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓഡിറ്റ് ന്യൂനതകൾ പരിഹരിക്കാത്ത കാരണത്താൽ സഹകരണ സ്ഥാപനങ്ങൾക്കെതിരെ ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ഓഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly